# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 22**

---

## നാലു വർഷ ബിരുദം; ആദ്യ സെമസ്റ്റർ പരീക്ഷ കഴിഞ്ഞ് മൂന്നാം ദിവസം ഫലം പ്രസിദ്ധീകരിച്ച് എം.ജി സർവകലാശാല

*നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ആദ്യ സെമസ്റ്റർ പരീക്ഷ പൂർത്തിയായി മൂന്നാം ദിവസം മഹാത്മാ ഗാന്ധി സർവകലാശാല ഫലം പ്രസിദ്ധീകരിച്ചു. തിയറി പരീക്ഷകൾ ഈ മാസം 16നും പ്രാക്ടിക്കൽ പരീക്ഷകൾ 18നുമാണ് പൂർത്തിയായത്. പരീക്ഷാഫലം ഇന്നലെ(ഡിസംബർ 21)യാണ് പ്രസിദ്ധീകരിച്ചത്. ഔട്ട് കം ബേസ്ഡ് എജ്യുക്കേഷൻ(ഒബിഇ) രീതിയിൽ നാലു വർഷ പ്രോഗ്രാമുകൾ നടത്തി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്ന സംസ്ഥാനത്തെ അദ്യ സർവകലാശാലയാണ് എം.ജി.*

*ഓണേഴ്സ് ബിരുദ പ്രോഗ്രാമിന്റെ ഡാറ്റാ മാനേജ്മെന്റിനായി സർവ്വകലാശാലയിലെ ഐ ടി വിഭാഗം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മുഖേന വിദ്യാർഥികളുടെ വിലയിരുത്തലുകളുടെയും സെമസ്റ്റർ അവസാന പരീക്ഷകളുടെയും മാർക്കുകൾ കോളജുകളിൽനിന്ന് ശേഖരിച്ചാണ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചത്. ഔട്ട്കം അടിസ്ഥാനമാക്കിയുള്ള വിശദമായ അനെയ്ൻമെന്റ് ചാർട്ട് ജനുവരി ആദ്യം പ്രസിദ്ധീകരിക്കും.*

*സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായി ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്ക് ജൂലൈ ഒന്നിനാണ് തുടക്കം കുറിച്ചത്. ഔട്ട് കം ബേസ്ഡ് എജ്യുക്കേഷൻ(ഒബിഇ) രീതിയിൽ സർവകലാശാലാതലത്തിൽ വിവിധ വിഷയങ്ങളുടെ വിദഗ്ധ സമിതികളുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ സിലബസിലെ ഓരോ വിഷയത്തിനും പ്രത്യേകതയനുസരിച്ചുള്ള മൂല്യനിർണ്ണയ രീതി കൾ നിശ്ചയിച്ചിരുന്നു.*

*ഒരേ വിഷയം മേജറായും മൈനറായും തെരഞ്ഞെടുത്ത വിദ്യാർഥികൾക്ക് ഒരേ സിലബസ് അടിസ്ഥാനമാക്കിയുള്ള പഠനമാണ് ഫൌണ്ടേഷൻ തലത്തിൽ സർവകലാശാല നടപ്പിലാക്കിയത്. 234 കോഴ്സുകളിൽ ഓരോ ചോദ്യത്തിനൊപ്പവും ഔട്ട്കം, ചോദ്യങ്ങളുടെ ബോധന തലം എന്നിവ പരാമർശിക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിച്ചത്.*

*അതുകൊണ്ടുതന്നെ സർവ്വകലാശാലയുടെ കീഴിലെ 157 കോളജുകളിലെ പതിനേഴായിരത്തോളം വിദ്യാർഥികൾ ഒന്നാം സെമെസ്റ്ററിൽ തെരഞ്ഞെടുത്ത കോഴ്സുകൾ പരിഗണിച്ച് ഒരു കോഴ്സിന് ഒരു ദിവസം മാത്രം പരീക്ഷ എന്ന രീതിയിൽ ടൈംടേബിൾ ചിട്ടപ്പെടുത്തുകയായിരുന്നു. സർവകലാശാല തയ്യാറാക്കിയ*

*ചോദ്യ ബാങ്കുകളിൽ നിന്നുള്ള ചോദ്യങ്ങളിൽ വിദ്യാർഥികൾക്ക് ചോയിസുകൾ ഉൾപ്പെടുത്തിയിരുന്നു.*

*സർവകലാശാല വികസിപ്പിച്ച പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ പരീക്ഷകൾ ആരംഭിക്കുന്നതിനു നിശ്ചിത സമയം മുൻപ് കോളജുകളിൽ ചോദ്യപേപ്പറുകൾ നൽകി. പ്രാക്ടിക്കൽ പരീക്ഷകൾ സർവകലാശാലയുടെ മേൽനോട്ടത്തിൽ ഏകീകൃത രീതിയിലാണ് നടത്തിയത്.*

*മൂല്യനിർണയത്തിനായി സ്കീമുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഓരോ കോളജിലെയും അധ്യാപകർ അതത് കോളജുകളിലെ വിദ്യാർഥികളുടെ മാത്രം മൂല്യനിർണയം നടത്തുംവിധമായിരുന്നു ക്രമീകരണം. പരീക്ഷാ നടത്തിപ്പും മൂല്യനിർണയവും കൃത്യമായും സുതാര്യമായും നടത്തുന്നതിന് കോളജ് അധ്യാപകരും സർവകലാശാലാ ഉദ്യോഗസ്ഥരും ഉൾപ്പെട്ട വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിച്ചിരുന്നു.*

*പരീക്ഷാ ഫലം വളരെ വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി പ്രവർത്തിച്ച എല്ലാവരെയും വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അഭിനന്ദിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഓണേഴ്സ് ബിരുദവുമായി ബന്ധപ്പെട്ട സബ് കമ്മിറ്റി കൺവീനർമാർ, കോളജ് മാനേജ്മെന്റുകൾ, പ്രിൻസിപ്പൽമാർ, അധ്യാപകർ, അനധ്യാപക ജീവനക്കാർ, സർവകലാശാലാ ജീവനക്കാർ എന്നിവർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായതായി അദ്ദേഹം പറഞ്ഞു.*

*(പി.ആർ.ഒ/39/1157/2024)*

## പി.എം ഉഷ പദ്ധതി; എം.ജി സർവകലാശാലയ്ക്ക് 20 കോടി രൂപ അനുവദിച്ചു

*ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പി.എം ഉഷ പദ്ധതിക്കു കീഴിലുള്ള സമഗ്ര ധനസഹായ പാക്കേജിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് 20 കോടി രൂപ അനുവദിച്ചു.*

*സർവകലാശാലകളെ ശാക്തീകരിക്കുന്നതിനുള്ള ഗ്രാന്റ് (ജി.എസ്.യു)വിഭാഗത്തിലാണ് തുക ലഭിക്കുക. ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവും തുല്യതയും വർധിപ്പിക്കുകയും അതുവഴി ഉന്നത വിദ്യാഭ്യാസ മേഖലയെ ഉത്തേജിപ്പിക്കുന്നതിനുമായാണ് പി.എം. ഉഷയ്ക്കു കീഴിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പണം ചിലവഴിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നത്. പി.എം. ഉഷ പദ്ധതിയുടെ മുൻ പതിപ്പുകളായ റൂസ ഒന്ന്, രണ്ട് ഘട്ടങ്ങളിലായി എം.ജി. സർവകലാശാലയ്ക്ക് 70 കോടി രൂപ ലഭിച്ചിരുന്നു.*

*നാക് അക്രഡിറ്റേഷനിലും എൻ.ഐ.ആർ.എഫ് റാങ്കിംഗിലും രാജ്യാന്തര റാങ്കിംഗുകളിലും പുലർത്തുന്ന മികവിനുള്ള അംഗീകാരം കൂടിയാണ് പി.എം. ഉഷ പദ്ധതിയിൽ തുക ലഭിക്കുന്നതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.*

*(പി.ആർ.ഒ/39/1158/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ